പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം
17-01-2017

# കെ.എസ്.ഇ.ബി. ലിമിറ്റഡിൽ തടഞ്ഞ്‌വച്ചിരിക്കുന്ന ആശ്രിത നിയമനങ്ങൾ ഉടൻ നൽകണം

**- കോൺഫെഡറേഷൻ**

പുതിയ സർക്കാർ ഭരണത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആശ്രിത നിയമനങ്ങളെല്ലാം തടഞ്ഞ് വച്ചിരിക്കുകയാണെന്നും നിയമനങ്ങൾ ഉടൻ നടത്തിയില്ലായെങ്കിൽ ശക്തമായ സമര പരിപാടികളുമായി മുന്നോട്ട് പോകുമെന്ന് കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് അറിയിച്ചു.

കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് ഭരണത്തിൽ വരുമ്പോൾ തൊട്ടുമുമ്പുള്ള ഇടത് സർക്കാരിന്റെ കാലത്ത് നടത്താതിരുന്ന അറുപത്തിമൂന്നോളം ആശ്രിത നിയമനങ്ങൾ നൽകുകയും 2016 മാർച്ച് വരെ അത് കൃത്യമായി നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ഇടതു സർക്കാർ വന്നതിനുശേഷം എല്ലാം തടസ്സപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ മെയ് മുതൽ മുപ്പത്തിഏഴോളം നിയമനങ്ങളാണ് തടഞ്ഞുവച്ചിരിക്കുന്നത് ഇലക്ടിക് ലൈനിൽ ജോലി ചെയ്യുന്നതിനിടെ അപകടം സംഭവിച്ച് മരിക്കുന്നവരുടെ ആശ്രിതർക്കുൾപ്പടെയുള്ളവർക്ക് നൽകുന്ന ജോലിയുടെ കാര്യത്തിലാണ് ഈ വാശി കാണിക്കുന്നതെന്നും ഇത് അനുവദിക്കില്ലായെന്നും ജനറൽ സെക്രട്ടറിപറഞ്ഞു.

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578